# മുസ്ലീം ഹൈസ്കൂൾ ഫോർ ബോയ്സ്
## കണിയാപുരം

## വിദ്യാപഥം

# അക്കാദമിക് മാസ്റ്റർപ്ലാൻ
## 2025-2026

MUSLIM H.S. FOR BOYS KANIYAPURAM

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മുസ്ലീം ഹൈസ്കൂൾ ഫോർ ബോയ്സ്
## കണിയാപുരം

സ്കൂൾ വിവരങ്ങൾ

- സ്കൂൾ : മുസ്ലീം ഹൈസ്കൂൾ ഫോർ ബോയ്സ് കണിയാപുരം
- റവന്യൂജില്ല : തിരുവനന്തപുരം
- സ്കൂൾ കോഡ് : 43005
- സുകൂളിന്റെ പേര് : മുസ്ലീം ഹൈസ്കൂൾ ഫോർ ബോയ്സ് കണിയാപുരം
- മേൽവിലാസം : മുസ്ലീം ഹൈസ്കൂൾ ഫോർ ബോയ്സ് കണിയാപുരം
  കണിയാപുരം പി.ഒ
- ഫോൺ നമ്പർ : 8304005626 (H M)
- ഇ- മെയിൽ അഡ്രസ് : mbhs.kpm@gmail.com
- ഗ്രാമ പഞ്ചായത്ത് : അണ്ടൂർക്കോണം
- ബ്ലോക്ക് പഞ്ചായത്ത് : കഴക്കൂട്ടം
- ലോക്സഭാ മണ്ഡലം : നെടുമങ്ങാട്
- നിയമസഭാ മണ്ഡലം : ചിറയിൻകീഴ്
- ബി. ആർ.സി : കണിയാപുരം
- സബ്ജില്ല : കണിയാപുരം
- വിദ്യാഭ്യാസ ജില്ല : തിരുവനന്തപുരം
- ക്ലാസുകൾ : UP & HS
- മാനേജ്മെന്റ് : എയ്ഡഡ്
- പഠന മാധ്യമം : ഇംഗ്ലീഷ് & മലയാളം മീഡിയം
- താലൂക്ക് : തിരുവനന്തപുരം
- വില്ലേജ് : പള്ളിപ്പുറം

# ആമുഖം

തിരുവനന്തപുരം ജില്ലയുടെ തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന കണിയാപുരം ഗ്രാമത്തിലാണ് മുസ്ലീം ബോയ്സ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. മുൻ വർഷങ്ങളിലെന്ന പോലെ കഴിഞ്ഞ അക്കാദമിക വർഷത്തിലും എസ്.എസ്.എൽ.സി പരീക്ഷക്ക് ഉന്നത വിജയം കൈവരിച്ചു കൊണ്ട് പാഠ്യ-പാഠ്യേതര രംഗങ്ങളിൽ സ്കൂൾ മുന്നേറ്റം സൃഷ്ടിക്കുന്നു. ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കാൻ അക്കാദമിക രംഗത്തും, കലാ-കായിക രംഗത്തും മികവ് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. ഇതിന് വേണ്ട സാഹചര്യങ്ങൾ ഒരുക്കാൻ സ്കൂൾ മാനേജ്മെന്റ്, പി.റ്റി.എ, സ്റ്റാഫ് കൗൺസിൽ പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണ്ണസഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. ശിശുസൗഹൃദ പഠനാന്തരീക്ഷം വിശാലമായ കളിസ്ഥലം, ഹരിതാഭയാർന്ന പൊതു ഇടങ്ങൾ ഇവ സ്കൂളിന്റെ മുഖമുദ്രയായി നില കൊള്ളുന്നു.

ഗുണപരമായ വിദ്യാലയമികവ് ഉറപ്പുവരുത്തുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഗുണകരമായി ഭവിക്കട്ടെ എന്ന് പ്രത്യാശിച്ചു കൊണ്ട്

അഭിമാനപൂർവം സമർപ്പിക്കട്ടെ....

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിന്റെ ഭാഗമായ ഓരോ കുട്ടിക്കും പ്രായത്തിനനുയോജ്യമായ ഭാഷാശേഷി, ഗണിതശേഷി, ശാസ്ത്രാവബോധം, സാമൂഹികാവബോധം, പരിസ്ഥിതിബോധം തുടങ്ങിയവ കുട്ടികൾ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
- കുട്ടികളുടെ അക്കാദമികവും, സർഗ്ഗപരവും കായികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- രക്ഷകർത്താക്കളും, പൂർവ്വ വിദ്യാർത്ഥികളും ഉൾപ്പെടുന്ന സമൂഹം സ്കൂളിലേക്ക് ഉൾച്ചേർന്നിരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- CWSN കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടു വരാൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പുതിയ കാലഘട്ടത്തിനനുയോജ്യമായ സാങ്കേതിക വിദ്യാഭ്യാസ സങ്കേതങ്ങൾ ക്ലാസ്റൂമുകളിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുക.

## മുസ്ലീം ഹൈസ്കൂൾ ഫോർ ബോയ്സ് -ചരിത്രം

വിദ്യാഭ്യാസപരമായി പെൺകുട്ടികൾ പിന്നാക്കം നിലനിന്നിരുന്ന കാലത്ത് സാധാരണക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നൽകുന്നതിനായി കണിയാപുരത്തിന്റെ സാംസ്കാരിക രംഗത്ത് ഒരു നവീനാശയമായി ശ്രീ.അഹമ്മദ് കുഞ്ഞ് ലബ്ബ എന്ന കർമ്മയോഗി 1946-ൽ ഈ സ്കൂൾ സ്ഥാപിച്ചു. കുട്ടികളുടെ ബാഹുല്യം നിമിത്തം ഭരണ പരമായ സൗകര്യത്തിനായി 1972-ൽ മുസ്ലിം ബോയ്സ് ഹൈസ്കൂൾ എന്നും ഗേൾസ് ഹൈസ്കൂൾ എന്നും വേർതിരിക്കപ്പെട്ടു. 2000-ൽ മുസ്ലിം ഗേൾസ് ഹൈസ്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു.

## നേട്ടങ്ങളും, പരിമിതികളും

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ കുട്ടികളാണ് ഈ സ്കൂളിൽ ഭൂരിഭാഗവും പഠിക്കുന്നത്. പഠന നിലവാരത്തിലും കായിക രംഗത്തും വളരെ മികച്ച പ്രകടനം ഈ സ്കൂളിലെ കുട്ടികൾ കാഴ്ച വയ്ക്കുന്നുണ്ട്. യു.പി വിഭാഗത്തിൽ അഞ്ച് ഡിവിഷനുകളിലായി 142 കുട്ടികളും, ഹൈസ്കൂളിൽ 8 ഡിവിഷനുകളിലായി 208 കുട്ടികളും, ഈ സ്കൂളിൽ പഠിച്ചു വരുന്നു. യു.പി, എച്ച്.എസ്സ് വിഭാഗങ്ങളിലായി 20 അധ്യാപകർ പ്രവർത്തിക്കുന്നു. 4 അധ്യാപക ജീവനക്കാരും 2 ദിവസവേതന അധ്യാപകരും പ്രവർത്തിക്കുന്നു.

കഴിഞ്ഞ മാർച്ചിൽ നടന്ന SSLC പരീക്ഷയിൽ 84 കുട്ടികൾ പരീക്ഷ എഴുതിയതിൽ 84 കുട്ടികളും വിജയിക്കുകയും 100% വിജയം ഉറപ്പിക്കുകയും ചെയ്തു. രണ്ട് കുട്ടികൾ മുഴുവൻ വിഷയങ്ങൾക്കും A+ കരസ്ഥമാക്കി. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പി.റ്റി.എ സ്കൂളിലെ എല്ലാ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു.

ഭൗതിക സാഹചര്യങ്ങളുടെ പരിമിതി (അടച്ചുറപ്പുള്ള ക്ലാസ് മുറികൾ), ലാബ്/ലൈബ്രറി നവീകരണം, ഇവ ഉള്ളത് കൊണ്ട് തന്നെ ഒട്ടനവധി പാഠ്യ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

## സ്കൂളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതനാശയങ്ങൾ

### i. സയൻസ് പാർക്ക് നിർമ്മാണം (science Park)

അടിസ്ഥാനശാസ്ത്രം, ഗണിതശാസ്ത്രം, സമൂഹ്യശാസ്ത്രം, എന്നീ വിഷയങ്ങളുടെ പാഠ്യപദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വർക്കിംഗ്, സ്റ്റിൽ മോഡലുകൾ, പരീക്ഷണ സാമഗ്രികൾ etc ഇവയുടെ നിർമ്മാണം, ക്രമീകരണം.

### ii. ഭാഷാ കോർണർ ഒരുക്കൽ (Language Corner)

മലയാളം, ഇംഗ്ലീഷ് , ഹിന്ദി, അറബ് എന്നീ വിഷയങ്ങളുടെ പാഠ്യ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വായനാമൂല ഒരുക്കൽ, അക്ഷരവൃക്ഷം തയ്യാറക്കൽ ഭാഷാഡിക്ഷ്ണറി നിർമ്മാണം പുസ്തകശേഖരം, അക്ഷരക്കാർഡുകൾ, വായനാക്കാർഡുകൾ e-വായന, ഭാഷാകേളി പ്രവർത്തനങ്ങൾ, ചുമർപത്രികപതിപ്പുകൾ, ഓഡിയോ-വീഡിയോ ശേഖരണങ്ങൾ നാടകക്കളരി- വേദി സജ്ജ മാക്കൽ, കൊളാഷ്, റിഡിൽസ് ചിത്രക്കാർഡുകൾ തുടങ്ങിയവ തയ്യാ റാക്കൽ ക്രമീകരണം.

### iii. ഫുട്ബോൾ സ്പോർട്സ് അക്കാദമി

വിശാലമായ പ്ലേ ഗ്രൗണ്ട് ഉള്ളതിനാൽ സമീപ ഭാവിയിൽ തന്നെ ഫുട്ബോൾ സ്പോർട്സ് അക്കാദമി ഒരുക്കൽ - ക്രമീകരണം- നിർമ്മാണം

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട വികസന ലക്ഷ്യങ്ങൾ

### i. ഭാഷാ ശേഷി വികസനം

പ്രീടെസ്റ്റ് നടത്തി അക്ഷരം അറിയാത്ത കുട്ടികളെ ജൂൺ - ജൂലൈ മാസം ഉപയോഗപ്പെടുത്തി എഴുതാനും, വായിക്കാനും പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കു കയും, രണ്ട് മാസം കൂടുമ്പോൾ കുട്ടികളുടെ മുന്നേറ്റം വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വായനാക്കുറിപ്പ്- നിഘണ്ടു നിർമ്മാണം, എഴുത്തു കൂട്ടം ആസൂത്രണം.

## ii. ഗണിതശേഷി വികസനം

ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, പാഠ്യഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം തുടങ്ങിയവ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തൽ.

## iii. ശാസ്ത്രാവബോധം ഉറപ്പിക്കൽ

ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണക്കളരി, ശാസ്ത്രവിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് ക്ലാസുകൾ തയ്യാറാക്കൽ, ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം സാമൂഹ്യശാസ്ത്ര പഠനോപകരണ നിർമ്മാണം തുടങ്ങിയവ ആസൂത്രണം ചെയ്ത്തു നടപ്പിൽ വരുത്തൽ.

## iv. ആരോഗ്യ-കായിക പ്രവർത്തനങ്ങൾ

യു പി വിഭാഗം വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനക്കളരി, ഇന്റർസ്കൂൾ ഗെയിംസ്, ഫുട്ബോൾ പരിശീലനം തുടങ്ങിയവ പാഠ്യ പദ്ധതി പ്രവർത്തനങ്ങൾക്കനുഗുണമായി നടപ്പിൽ വരുത്തൽ.

## v. പ്രവർത്തി പരിചയം പരിശീലനം

പാഴ്വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ക്രാഫ്റ്റുകൾ നിർമ്മിക്കാൻ തല്പരരായ കുട്ടികൾക്ക് പരിശീലനം നൽകി മികച്ച ഉൽപന്നങ്ങൾ ഉണ്ടാക്കൽ - പ്രവൃത്തി - പരിചയ ക്ലാസുകൾ സംഘടിപ്പി ക്കൽ തുടങ്ങിയവ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

## vi. ലൈബ്രറി ശാക്തീകരണം

പുസ്തക വിതരണം വായനാകുറിപ്പ് തയ്യാറക്കൽ, നിഘണ്ടു നിർമ്മാണം, ക്ലാസ്തല വായന ഗ്രൂപ്പുകൾ രൂപീകരിക്കൽ എഴുത്തു കൂട്ടം പരിപാടികൾ സംഘടിപ്പിക്കൽ വായനാപതിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയവ ഭാഷാക്ലബ്ബുകളുടെ സഹായത്തോടെ തയ്യാറാക്കൽ ജന്മദിന പുസ്തക ശേഖരണം നടപ്പിലാക്കൽ.

## vii. സാങ്കേതിക വിദ്യാപഠനം കാര്യക്ഷമമാക്കൽ

റോബോട്ടിക്ക് പ്രവർത്തനങ്ങൾ (HS) നടപ്പിലാക്കൽ (LITTLE KITES), IT CLUB പ്രവർത്തനങ്ങൾ സ്കൂൾ വിക്കി, സ്കൂൾ ഫേസ്ബുക്ക് പേജ്, E3 ENGLISH പ്രവർത്തനങ്ങൾ, ഐ.ടി അധിഷ്ടിത പഠനം ക്ലാസ് റൂമുകളിൽ നടപ്പിൽ വരുത്തൽ, മീഡിയ ഡോക്യുമെന്റേഷൻ വീഡിയോ നിർമ്മാണം, ആനിമേഷൻ, പ്രോഗ്രാമിംഗ് എന്നീ മേഖലയുമാ യുള്ള ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

viii. **കലാപഠനം - സർഗ്ഗവാസനകൾ പരിപോഷിപ്പിക്കൽ**

കലാമികവുള്ളവർക്ക് പരിശീലനം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ, കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക. സംഗീതം, നൃത്തം, അഭിനയം, കഥാ രചന, കവിതാരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്ത കഴിവുള്ള കുട്ടികളെക്കണ്ടെത്തി അവരുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

ix. **ഇൻക്ലൂസിസ് എഡ്യൂക്കേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ**

പാഠ്യപദ്ധതി പ്രവർത്തനങ്ങളിലും, ആക്ഷൻ പ്ലാൻ പ്രവർത്തനങ്ങളിലും പഠന പിന്നോക്കാവസ്ഥ, വൈകല്യങ്ങൾ എന്നിവ ഉള്ളവർക്കും പ്രത്യേക അനുപൂരക പ്രവർത്തനങ്ങൾ ഉൾച്ചേർത്തുകൊണ്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

x. **സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം**

xi. **പഠനയാത്രകൾ**

xii. **പച്ചക്കറി-പൂന്തോട്ട നിർമ്മാണം**

xiii. **സ്കൂൾ പത്രം/മാസിക**

xiv. **അദ്ധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം**

xv. **ദിനാചരണങ്ങൾ ക്ലാസ് പ്രവർത്തനങ്ങളിൽ**

xvi. **ചോദ്യപേപ്പർ ശില്പശാല**

xvii. **ശാസ്ത്ര-ഗണിത-സമൂഹ്യശാസ്ത്ര-പ്രവൃത്തി പരിചയമേളകൾ സംഘടിപ്പിക്കൽ.**

xviii. **ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കൽ**

xix. **ക്ലാസ് പി.റ്റി.എ കാര്യക്ഷമമാക്കൽ**

xx. **ബോധവല്കരണ-കൗൺസിലിംഗ് ക്ലാസുകൾ നടപിലാക്കൽ**

# ഹൈസ്കൂൾ & യു.പി വിഭാഗം

## അക്കാദമികം

**നേട്ടങ്ങൾ**

- ✓ വിഷയാധിഷ്ഠിത അക്കാദമിക പ്രവർത്തനങ്ങൾ കുട്ടികളിലേക്ക് മികച്ച രീതിയിൽ എത്തിക്കുന്ന അദ്ധ്യാപക സമൂഹം.
- ✓ ആരോഗ്യ കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുതകുന്ന വിശാലമായ കളിസ്ഥലം.
- ✓ ലൈബ്രറി സൗകര്യം.
- ✓ കായികപഠനം, കലാപഠനം, പ്രവൃത്തിപരിചയം എന്നീ വിഷയങ്ങളിൽ അധ്യാപകരുടെ സേവനം.
- ✓ SPC, Little Kites എന്നിവ കുട്ടികളുടെ സാമൂഹിക - ശരീരിക - ഭൗതിക-മാനസിക ആരോഗ്യത്തെ വർദ്ധിപ്പിക്കുന്നു.
- ✓ യു.പി, എച്ച്.എസ്സ് തലങ്ങളിൽ IT ലാബ് സംവിധാനം
- ✓ സർഗ്ഗാത്മകവേദികൾ, ആശയപ്രകടനവേദികൾ ജനാധിപത്യവേദികൾ, ഇവ ഒരുക്കുന്ന സ്റ്റേജ് ഇടം.
- ✓ കായികാരോഗ്യപഠനത്തിനായി വിശാലമായ കളിസ്ഥലം.

**പരിമിതികൾ**

- ✓ ഭാഷ, ഗണിതം എന്നീ മേഖലകളിൽ പ്രായത്തിനനുയോജ്യമായ അടിസ്ഥാനശേഷി കൈവരിക്കൽ, പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും, എല്ലാ കുട്ടികൾക്കും അത് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- ✓ ശാസ്ത്ര വിഷയങ്ങളിൽ ലാബ്, ലൈബ്രറി സംവിധാനങ്ങളിൽ കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാനുള്ള സ്ഥലപരിമിതി.
- ✓ ക്ലാസ്റൂമുകൾ ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്താനാവശ്യമായ ലാപ്ടോപ്പുകൾ പ്രൊജക്ടറുകൾ, സ്പീക്കറുകൾ etc. ഇവയുടെ ലഭ്യതക്കുറവ്.

## ഭൗതികം

**നേട്ടങ്ങൾ**

- ✓ പുതിയ സ്കൂൾ കെട്ടിടം തയ്യാറാക്കിയതിൽ വിശാലമായ 12 ക്ലാസ്മുറികൾ സജ്ജീകരിച്ചിരിക്കുന്നു.
- ✓ ഉച്ചഭക്ഷണം കഴിക്കാനായി കുട്ടികൾക്ക് മേശയും കസേരയും ഉൾപ്പെടെ ഡൈനിംഗ് ഹാൾ സജ്ജീകരിച്ചിട്ടുണ്ട്.
- ✓ വിശാലമായ കളിസ്ഥലം ഉള്ളതിനാൽ ആരോഗ്യ വിദ്യാഭ്യാസ, കായിക പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടത്താൻ കഴിയുന്നു.
- ✓ കുട്ടികൾക്ക് വായനയ്ക്കാവശ്യമായ പുസ്തകങ്ങൾ ക്രമീകരിച്ച് ലൈബ്രറി സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്.

**പരിമിതികൾ**

- ✓ ഓപ്പൺ ക്ലാസ്മുറികളായതത് കൊണ്ട് തന്നെ ICT യുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ ഉപകരണങ്ങൾ, കുട്ടികളുടെ സൃഷ്ടികൾ, ചാർട്ടുകൾ, മോഡലുകൾ ഇവ സൂക്ഷിക്കാൻ പ്രയാസം നേരിടുന്നു.
- ✓ ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, സ്പീക്കർ ഇവ എണ്ണത്തിൽ കുറവായതത് കൊണ്ടുതന്നെ എല്ലാം ക്ലാസ്റൂമുകളിലേക്കും പഠനാവശ്യത്തിന് ഉപയോഗിക്കാനുള്ള പരിമിതി നേരിടുന്നു.
- ✓ ഓരോ ശാസ്ത്രവിഭാഗത്തിനും വേണ്ട വെവ്വേറെ ലാബ് സൗകര്യ ങ്ങളുടെ അപര്യാപ്ത.
- ✓ ശാസ്ത്രമൂല, ഭാഷാമൂല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും, പൂർണ്ണമായും നടത്തി കൊണ്ടു പോകാനും ഉള്ള ഇടം ലഭ്യമാ കാത്തത് പരിമിതിയായി നിലനിൽക്കുന്നു.

## ഉപസംഹാരം

കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനും, ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളിൽ എത്തിക്കുന്നതിനും, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ആസൂത്രണത്തോടെ തയ്യാറാക്കിയ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന് സാധിക്കും എന്ന ഉറച്ച വിശ്വാസമാണ് മുസ്ലിം ബോയ്സ് ഹൈസ്കൂളിനെ മുന്നോട്ട് നയിക്കുന്നത്. മാനേജ്മെന്റ്, സ്റ്റാഫ് കൗൺസിൽ രക്ഷകർത്താക്കൾ, പി.റ്റി.എ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന സമൂഹത്തിന്റെ പിന്തുണയോടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്താൻ കഴിയും എന്ന ആത്മ വിശ്വാസം ഞങ്ങളുടെ സ്കൂളിനെ മുന്നോട്ട് നയിക്കുന്നു. നന്ദി.

| | |
|---|---|
| നവംബർ 10 | - അന്താരാഷ്ട്ര ശാസ്ത്ര ദിനം |
| നവംബർ 12 | - ദേശീയ പക്ഷി നിരീക്ഷണ ദിനം |
| നവംബർ 14 | - ശിശു ദിനം |
| ഡിസംബർ 1 | - ലോക എയ്ഡ്സ് ദിനം |
| ഡിസംബർ 2 | - ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം |
| ഡിസംബർ 3 | - ഭിന്നശേഷി ദിനം |
| ഡിസംബർ 14 | - ഊർജ്ജ സംരക്ഷണ ദിനം |
| ഡിസംബർ 22 | - ദേശീയ ഗണിത ദിനം |
| ജനുവരി 10 | - ലോക ഹിന്ദി ദിനം |
| ജനുവരി 26 | - റിപ്പബ്ലിക് ദിനം |
| ജനുവരി 30 | - രക്ത സാക്ഷി ദിനം |
| ഫെബ്രുവരി 11 | - ONV ഓർമ്മ ദിനം |
| ഫെബ്രുവരി 12 | - ചാൾസ് ഡാർവിൻ ദിനം |
| ഫെബ്രുവരി 28 | - ദേശീയ ശാസ്ത്ര ദിനം |
| മാർച്ച് 3 | - ലോക വന്യജീവി ദിനം |
| മാർച്ച് 8 | - ലോക വനിതാ ദിനം |

## ദിനാചരണങ്ങൾ - ക്ലാസ്തലത്തിൽ

| | |
|---|---|
| ജൂൺ 5 | - ലോക പരിസ്ഥിതിദിനം |
| ജൂൺ 12 | - ബാലവേല വിരുദ്ധദിനം |
| ജൂൺ 19 | - വായനദിനം |
| ജൂൺ 21 | - അന്താരാഷ്ട്ര യോഗ ദിനം |
| ജൂൺ 26 | - ലോകലഹരി വിരുദ്ധദിനം |
| ജൂലൈ 5 | - ബഷീർ ദിനം |
| ജൂലൈ 11 | - ലോകജനസംഖ്യാദിനം |
| ജൂലൈ 21 | - ചാന്ദ്രദിനം |
| ജൂലൈ 27 | - DR A.P.J അബ്ദുൽകലാം ഓർമ്മദിനം |
| ജൂലൈ 29 | - ലോക പ്രകൃതി സംരക്ഷണദിനം |
| ആഗസ്റ്റ് 6 | - ഹിരോഷിമാദിനം |
| ആഗസ്റ്റ് 9 | - ക്വിറ്റ് ഇന്ത്യാദിനം |
| ആഗസ്റ്റ് 15 | - ഇൻഡ്യൻ സ്വാതന്ത്ര്യദിനം |
| ആഗസ്റ്റ് 17 | - കർഷകദിനം |
| ആഗസ്റ്റ് 29 | - ദേശീയ കായികദിനം |
| സെപ്റ്റംബർ 5 | - അധ്യാപക ദിനം |
| സെപ്റ്റംബർ 14 | - ദേശീയ ഹിന്ദി ദിനം |
| സെപ്റ്റംബർ 16 | - ഓസോൺ ദിനം |
| ഒാക്ടോബർ 2 | - ഗാന്ധിജയന്തി ദിനം |
| ഒാക്ടോബർ 10 | - ദേശീയ തപാൽ ദിനം |
| ഒാക്ടോബർ 16 | - സംസ്ഥാന കായിക ദിനം |
| ഒാക്ടോബർ 30 | - ദേശീയ പുനരർപ്പണ ദിനം |
| നവംബർ 1 | - കേരളപ്പിറവി |

# സാമൂഹികം

## നേട്ടങ്ങൾ

സ്കൂൾ ക്ലബ്ബുകളുടെ പ്രവർത്തനം സമൂഹത്തെ കൂടുതൽ സ്കൂളുമായി ബന്ധിപ്പിക്കുന്നതിൽ പ്രധാനഘടകമായി പ്രവർത്തിക്കുന്നു. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, പരിസര ശുചിത്വം, പരിസ്ഥിതി പ്രവർത്തനങ്ങൾ etc എന്നിങ്ങനെയുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ സമൂഹത്തിൽ അംഗീകാരം നേടിത്തരുന്നു.

ക്ലാസ് പി.റ്റി.എ കളിലെ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുന്നത് വഴി സമൂഹത്തെ കൂടുതൽ സ്കൂളുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നു.

## പരിമിതികൾ

സ്കൂൾ പ്രവർത്തനങ്ങളുടെ ആധിക്യം ഐ ടി അധിഷ്ഠിത സാങ്കേതിക വിദ്യകൾ ചില സമയങ്ങളിലെങ്കിലും കൂടുതൽ സമയം നഷ്ടപ്പെടുത്തുന്നതിനാൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട സാമൂഹിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള പരിമിതി.

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | • എഴുത്ത് കൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• വായനക്കുറിപ്പ് പതിപ്പ്<br>• ചുമർ പത്രികകൾ<br>• വ്യക്തിഗത രചന, സംഘരചന<br>• സംവാദം, അഭിമുഖം<br>• സഹിത്യ-സാസ്കാരിക ചിത്ര ഗാലറി | 8 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പി.ടി.എ അധ്യാപകർ |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ | • പ്രസംഗ പരിശീലനക്കളരി<br>• വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>• മികച്ച പ്രസംഗങ്ങളുടെ ഓഡിയോ കേൾപ്പിക്കൽ<br>• പ്രസംഗ വേദികൾ സജ്ജമാക്കൽ | ജൂലൈ മുതൽ ഡിസംബർ വരെ | ഓഡിയോ, വീഡിയോ | ട്രെയിനർ അധ്യാപകർ |

## ഹൈസ്കൂൾ - മലയാളം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം - കഥ എഴുതൽ | ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | പുസ്തകങ്ങൾ ചിത്രങ്ങൾ വീഡിയോകൾ | പി.റ്റി.എ അധ്യാപകർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുന്നു | • ക്ലാസ് വായനക്കൂട്ടം രൂപികരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്ര വായന<br>• പുസ്തക ചർച്ച<br>• വായനാനുഭവം<br>• വായനക്കുറിപ്പ്<br>• ദിനാചരണം<br>• ഇ - വായന | 6-മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പാത്രങ്ങൾ, ആനുകാലികങ്ങൾ, ഇന്റർനെറ്റ് കമ്പ്യൂട്ടർ | പി.റ്റി.എ അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 3 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ, കഥാകഥനം, പദ്യപാരായണം തുടങ്ങിയവ ക്ലാസ്റൂമിലും സ്കൂൾ അസംബ്ലിയിലും അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സ്കൂൾ പി.റ്റി. എ | |
| 4 | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശ്ശേഷി വളർത്തൽ | പുസ്തക വായനയിലൂടെ വിവിധ സാഹിത്യ കൃതികൾ പരിചയപ്പെടുകയും അവ എഴുതിയ സാഹിത്യകാരന്മാരുടെ വിവരണം തയ്യാറക്കുകയും ചെയ്യുന്നു. സാഹിത്യ കൃതികൾ വായിച്ച് വിവരണം തയ്യാറക്കൽ, ക്ലാസിൽ അവതരിപ്പിക്കൽ. | അക്കാദമിക വർഷം | സ്കൂൾ | |

**ആക്ഷൻ പ്ലാൻ**

# അക്കാദമിക് മാസ്റ്റർപ്ലാൻ

മേഖല യുപി മലയാളം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **ഭാഷയുടെ അടിസ്ഥാന ശേഷി വികസനം**<br>ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധികാകാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത,യാത്രാനുഭവം,അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകൻ | |
| | | **ഭാഷാകേളി**<br>അക്ഷരങ്ങളും,പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകൻ | |
| | | **വാക്കുകളിൽ നിന്നും വാക്യത്തിലെക്ക്**<br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും, വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകൻ | |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ച പതിപ്പ് ലൈബ്രറി പുസ്തകങ്ങൾ ക്ലാസ് പുസ്തകങ്ങൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 5 | പ്രതിഭകളെ കണ്ടെത്തൽ | പ്രവർത്തനം<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ച് പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലൈ - ഡിസംബർ | അധ്യാപകൻ | |
| 6 | ദിനാചരണങ്ങൾ | December 18 world Arabic Day സംഘടിപ്പിക്കുകയും അനുബന്ധ തയ്യാറാക്കുകയും ചെയ്യുന്നു. കൂടാതെ മറ്റുദിനാചരണങ്ങളെ ഉൾപ്പെടുത്തി പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | ജൂലൈ - ജനുവരി | അദ്ധ്യാപകൻ (അറബിക് ക്ലബ് വിദ്യാർത്ഥികൾ) | പി.റ്റി.എ 1000 |
| 7 | അറബിക് language LAB | തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു | സെപ്റ്റംബർ -മാർച്ച് | അധ്യാപകൻ | പി.റ്റി.എ 500 |

# അക്കാദമിക് മാസ്റ്റർപ്ലാൻ അറബിക് 2025-26

| | ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്ഷരം ഉറപ്പിക്കൽ (എല്ലാ വിദ്യാർത്ഥികളിലും അക്ഷരം നന്നായി മനസ്സിലാക്കി എന്ന് ഉറപ്പിക്കൽ) | ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമുള്ളവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. | 3 മാസം ജൂൺ - ആഗസ്റ്റ് | അറബിക് അദ്ധ്യാപകൻ (അറബിക് ക്ലബ് വിദ്യാർത്ഥികൾ) | പി.ടി.എ 500 |
| 2 | അറബിക് ഭാഷ ശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദം പരിചയപ്പെടുത്തൽ ആഴ്ച്ചയിൽ രണ്ട് ദിവസം പാഠപുസ്തകത്തിലെ വാക്കുകൾക്ക് പുറമേ അഞ്ച് വാക്കുകൾ, കഥ, കവിത പുസ്തകത്തിൽ നിന്ന് ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. | സെപ്റ്റംബർ - ഒക്ടോബർ | അധ്യാപകൻ | പി.ടി.എ |
| 3 | വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയിലൂടെ ലോകത്തേക്ക് കുട്ടികളെ നയിക്കുക | അറബിക് ലൈബ്രറി ശാക്തീകരണം പുതിയ അറബിപുസ്തകങ്ങൾ ശേഖരിക്കുന്ന കഥകൾ, കവിതകൾ,ചിത്രകഥകൾ വായന കോർണർ സ്ഥാപിക്കുന്നു. | ജൂൺ - ഡിസംബർ | അധ്യാപകൻ | പി.ടി.എ , എസ്സ്.എം.സി 1000 |
| 4 | എഴുത്ത്<br>കുട്ടികളിൽ എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസിൽ കയ്യെഴുത്ത് മാഗസിനുകൾ നിർമിക്കുന്നു.ഓരോ ക്ലാസിലും അറബിയിൽ കഥയും, കവിതയും, മറ്റുവിഭവങ്ങളും ഉൾക്കൊളിച്ച് കയ്യെഴുത്ത് മാഗസീൻ നിർമിക്കുന്നു | ജൂലൈ - ജനുവരി | അറബിക് അദ്ധ്യാപകൻ (അറബിക് ക്ലബ് വിദ്യാർത്ഥികൾ) | പി.ടി.എ 1000 |

| | | | | | |
|---|---|---|---|---|---|
| 4 | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മതോഭാവങ്ങളും ഭാഷാപഠന നേട്ടത്തിലൂടെ ഉറപ്പ് വരുത്തുക. | അറബിക് കമ്മ്യൂണിക്കേഷൻ<br>❖ ആശയ വിനിമയ വേദി ക്ലാസ് തലം,സ്കൂൾ തലം<br>❖ അറബിക് മേള (നാടകം, സംഭാഷണം)<br>❖ ഭാഷകളിൽ അറബിക് അസ്സംബിളി.<br>❖ ഭാഷാ പ്രദർശനം, ഭാഷ ക്ലബ്. | 12 മാസം | ഐ.സി.ടി | |

# അക്കാദമിക് മാസ്റ്റർപ്ലാൻ യു.പി. അറബിക്

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ലോക ഭാഷകളിൽ മൂന്നാംസ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | മികവിന്റെ വഴിയിൽ<br>❖ പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക.<br>❖ മുന്നറിവ് പരിശോധിക്കൽ<br>❖ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>❖ വാചകങ്ങൾ നിർമ്മിക്കൽ<br>❖ ഭാഷാകളികൾ | 2 മാസം | പുസ്തങ്ങൾ വർക്ക്ഷീറ്റ് | |
| 2 | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | വായനാ വസന്തം<br>❖ വായന മത്സരം<br>❖ ക്ലാസ് ലൈബ്രറി<br>❖ വാട്സാപ്പ് ഗ്രൂപ്പ് (വായന)<br>❖ വായനാകുറിപ്പുകൾ<br>❖ അറബിക് പത്രവായന | 6 മാസം | മാഗസിനുകൾ | |
| 3 | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക | ❖ എഴുത്തുത്സവം<br>❖ എഴുത്തുകൂട്ടം<br>❖ പതിപ്പുകളുടെ നിർമ്മാണം<br>❖ പോസ്റ്ററുകൾ<br>❖ ഭാഷാകളികൾ | 12 മാസം | പുസ്തകങ്ങൾ സ്കൂൾ ലൈബ്രറി | |

| | | | | |
|---|---|---|---|---|
| Vocabulary Building | Teachers introduce new words each week and ask students to use them in sentences A vocabulary quiz can be conducted at the end of each month | Once a week | English teachers | Nil |
| Grammar practice | Teachers provide exercises on different grammar topics such as tenses, prepositions, conjunctions, etc. | Once a week | English teachers | Nil |
| Pronunciation improvement | Teachers familiarize children with correct pronunciation of the words. students participate in speaking exercises | Once a week | English teachers | Nil |
| Group Discussion | Teachers organize group discussions on various topics. Students are divided into small groups and each group presents their views on the topic | Once a week | English teachers | Nil |
| English film festival | Organize an English film festival where students watch | Once a week | English teachers | Nil |
| | Selected English movies or short films | | | |

HS **Area – English language learning**

| Aim | Activity | Period | Assigned | Expense |
|---|---|---|---|---|
| Listening gives ample opportunities for listening. | Teachers give opportunities for listening to stories, news, etc…. | Once a week | English teachers | Nil |
| Speaking gives ample opportunities for speaking | Teacher gives a topic in the class and asks children to speak 2-3 minutes about it. Encourages students to speak in English in the class | Twice a week. | English teachers | Nil |
| Reading Gives ample opportunities for reading | Teacher lets students read English newspapers Encourages students to read English story books from the library. | Once a week | English teachers | Nil |
| Writing Gives ample opportunities for speaking | Teacher gives a topic and asks to write a story on it. Teacher gives some lines of a poem and asks students to add more lines. | Once a week | English teachers | Nil |
| Comprehension | Teachers ask students to listen to a short or a news segment and then answer questions to check their understanding | Once a week | English teachers | Nil |

| | | | | | |
|---|---|---|---|---|---|
| 3 | എഴുത്ത്- ശക്തിപ്പെടുത്തൽ സർഗ്ഗാത്മക പ്രവർത്തനം വഴി | വായനാ കുറിപ്പുകൾ (ഇംഗ്ലീഷ് ) മിനി വേഡ് ബുക്ക് (ഡിഷ്ണറി), picture story ബുക്കുകൾ ഇവ തയ്യാറാക്കൽ | June to January (അക്കാദമിക വർഷം മുഴുവൻ) | ഇംഗ്ലീഷ് ടീച്ചർ | |
| 4 | ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ❖ ഇംഗ്ലീഷ് കഥകൾ/ കവിതകൾ - write ups - ഇവയുടെ രചനാ മത്സരങ്ങൾ ഉൽപന്നങ്ങൾ പ്രസിദ്ധീകരിക്കൽ<br>❖ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കൽ | September – February<br>വർഷാവസാനം | ഇംഗ്ലീഷ് ടീച്ചർ<br>SRG ഇംഗ്ലീഷ് ടീച്ചേഴ്സ് | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ |
| 5 | പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | പാഠ്യസന്ദർഭങ്ങളെ ചിത്രകഥാ രൂപത്തിലുള്ള ബുക്കുകളാക്കുന്നു. (picture- story books) ഫ്ളാഷ് കാർഡുകൾ, ICT enabled audios/videos | English periods | ഇംഗ്ലീഷ് ടീച്ചർ | |
| 6 | ചോദ്യപേപ്പർ ശിൽപശാല സംഘടിപ്പിക്കൽ | ബി.ആർ.സി തല അധ്യാപക കൂട്ടായ്മ, വിവിധ അധ്യാപക വാട്സ്അപ്പ് കൂട്ടായ്മ, വിദ്യാർത്ഥി കൂട്ടായ്മ എന്നിവ വഴി ലഭിക്കുന്ന ചോദ്യ പേപ്പറുകൾ കുട്ടികളെ പരിചയപ്പെടുത്തുന്നു | ഓരോ ടേമിന്റെയും അവസാനം | S.R.G ഇംഗ്ലീഷ് ടീച്ചേഴ്സ് | P.T.A ഇംഗ്ലീഷ് ടീച്ചേഴ്സ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ

**പ്രവർത്തനം-വിശദാംശങ്ങൾ** | **മേഖല : യു.പി. ഇംഗ്ലീഷ്**

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷാ ശേഷി വികസനം :-<br><br>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് കേൾക്കാനും, എഴുതാനും, വായിക്കാനും, സംസാരിക്കാനും ഉള്ള അടിസ്ഥാന ശേഷി വികസനം | i. ഇംഗ്ലീഷ് ഭാഷയിൽ ഇംഗ്ലീഷ് ക്ലാസുകൾകൈകാര്യം ചെയ്യൽ (listening)<br><br>ii. <u>**ഇംഗ്ലീഷ് ക്ലബ് പ്രവർത്തനങ്ങൾ**</u><br><br>കൊളാഷുകൾ, പോസ്റ്ററുകൾ, നോട്ടീസ്, പ്ലക്കാർഡ്സ്, പ്രസംഗം, റിഡിൽസ്, ഗെയിംസ് എന്നിവ സംഘടിപ്പിക്കൽ.<br><br>iii. ഇംഗ്ലീഷ് ഭാഷയിൽ മാഗസിൻ തയ്യാറാക്കൽ | എല്ലാ ഇംഗ്ലീഷ് പീരീഡുകളും (അക്കാദമിക വർഷം മുഴുവൻ)<br><br>ആഴ്ചയിൽ ഒരു ദിവസം അക്കാദമിക വർഷം മുഴുവൻ<br><br>മൂന്ന് മാസത്തിനകം | ഇംഗ്ലീഷ് ടീച്ചേഴ്സ്<br><br>ഇംഗ്ലീഷ് ക്ലബ് കൺവീനർ, ഇംഗ്ലീഷ് ടീച്ചേഴ്സ്<br><br>ഇംഗ്ലീഷ് അധ്യാപകർ | ആവശ്യമില്ല<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകർ |
| 2 | വായന ശക്തിപ്പെടുത്തൽ | യങ് വേൾഡ് ന്യൂസ് പേപ്പർ, ഇംഗ്ലീഷ് story ബുക്കുകൾ, റീഡിംഗ് കാർഡുകൾ തുടങ്ങിയവ ലൈബ്രറി സംവിധാനം ഉപയോഗപ്പെടുത്തി ലഭ്യമാക്കുന്നു. | രണ്ട് ആഴ്ചയിൽ ഒരിക്കൽ starting form June 19th | ഇംഗ്ലീഷ് ടീച്ചർ ലൈബ്രറി-in change | ഇംഗ്ലീഷ് ടീച്ചർ |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മേഖല യുപി സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | **അങ്കത്തട്ട്-കളിയിൽ നിന്ന് കാര്യത്തിലേക്ക്.**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br>**ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തല സ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ)<br>അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹിക ശാസ്ത്ര അധ്യാപകർ<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കി മാറ്റി യെടുക്കുക | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദിമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

HS ഹിന്ദി 2025-26

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു ജൂലൈ- 19 | കഥ,വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ | |
| 2 | മാതൃഭാഷ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു | പാഠഭാഗവുമായി ബന്ധപ്പെട്ട് സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ, സിനിമകൾ എന്നിവ കാണിക്കാനുള്ള അവസരം | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ | |
| 3 | ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാന ആൾക്കാരോട് സംവദിക്കാനുള്ള അവസരം | ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാന ആൾക്കാരോട് സംവദിക്കാനുള്ള അവസരം ഉണ്ടാക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകൻ | രക്ഷിതാക്കൾ |
| 4 | വിവർത്തകർ വാന്ന വായന ക്കങ്കത തുടങ്ങിയ ജോലി സാദ്ധ്യതകൾക്കായി കുട്ടികളെ പ്രാപ്തരാക്കുക | പ്രസിദ്ധരായിട്ടുള്ള ഹിന്ദി രംഗത്ത് നിൽക്കുന്ന ആൾക്കാരുമായുള്ള അഭിമുഖം | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 3 | ഹിന്ദി ഭാഷയോട് താല്പര്യം ജനിപ്പിക്കുക | ഹിന്ദിയിൽ ലഭ്യമായ കാർട്ടൂണുകൾ, കഥകൾ, സിനിമ ഇവയുടെ പ്രദർശനം<br><br>ഹിന്ദി ക്ലബ് പ്രവർത്തനം (പോസ്റ്ററുകൾ,നോട്ടീസ് തയ്യാറാക്കൽ,പ്രസംഗം സംഘടിപ്പിക്കൽ | മാസത്തിൽ ഒരിക്കൽ<br><br>രണ്ട് ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചേഴ്സ്<br><br>ഹിന്ദി ടീച്ചേഴ്സ് | |
| 4 | പഠന പിന്നോക്ക അവസ്ഥ പരിഹരിക്കൽ | ചിത്രകഥാരൂപങ്ങൾ, ഫ്ളാഷ് കാർഡ്സ്, പദാവലികൾ, ICT ഉപയോഗിച്ചുള്ള പഠനം ഇവ മുഖേന കുട്ടികളുടെ പങ്കാളിത്തം ഗ്രൂപ്പടിസ്ഥാനത്തിൽ ഉറപ്പ് വരുത്തുന്നു | എല്ലാ ഹിന്ദി പീരിഡും | ഹിന്ദി ടീച്ചേഴ്സ് | |

# അക്കാദമിക് മാസ്റ്റർപ്ലാൻ- കരട്

മേഖല : യു.പി. ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള ശേഷി നേടുക | ❖ ആഴ്ചയിൽ ഒരു തവണ ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക<br>❖ കുട്ടികളെ കൊണ്ട് ചെറു ചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>❖ ഹിന്ദി പുസ്തകങ്ങൾ (ലൈബ്രറി) കുട്ടികളിലേക്ക് എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക<br>❖ വായനകാർഡുകൾ തയ്യാറാക്കൽ വായന മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു തവണ<br>എല്ലാ മാസവും<br>രണ്ട് ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി ടീച്ചേഴ്സ്<br>ഹിന്ദി ടീച്ചേഴ്സ്<br>ലൈബ്രേറിയൻ ഹിന്ദി ടീച്ചർ | |
| 2 | പദ പരിചയം | ഹിന്ദി ക്ലാസുകളിൽ പദ കാർഡ് നിർമ്മാണം, അക്ഷര കളികൾ ഇവ സംഘടിപ്പിക്കൽ ക്ലാസ് വർക്ക് ഷീറ്റുകൾ നിർമ്മിക്കൽ IT സഹായലഭ്യത | രണ്ട് ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി ടീച്ചർ | |

| | | | | |
|---|---|---|---|---|
| 3 | ഭൂപട വായന കുട്ടികളിൽ വളർത്തുക.<br><br>കുട്ടികളിൽ ഭൂപടങ്ങൾ വായിക്കുന്നതിനുള്ള കഴിവും വളർത്തുക. | <u>എന്റെ ഭൂപടം</u><br><br>വിവിധ തരത്തിലുള്ള ഭൂപടങ്ങൾ പരിചയപ്പെടുത്തുന്നു. ( ഭൗതിക, രാഷ്ട്രീയ, കാലാവസ്ഥാ ഭൂപടങ്ങൾ)<br><br>കുട്ടികളെ ഭൂപടത്തിൽ നിന്നുള്ള വിവരങ്ങൾ തിരയാൻ പ്രേരിപ്പിക്കുക. (ഉദാഹരണം- സംസ്ഥാനങ്ങൾ, നദികൾ, പർവതങ്ങൾ),<br><br>വിദ്യാർത്ഥികളോട് അവരുടെ സ്കൂളിന്റെ ഭൂപടം തയ്യാറാക്കാൻ ആവിശ്യപ്പെടുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4 | സാമൂഹ്യശസ്ത്ര ലാബ്<br><br>സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുക.<br><br>നിരീക്ഷണം, വിവരശേഖരണം, വിശകലനം, നിഗമനം രൂപപ്പെടുത്തൽ എന്നീ ശേഷികൾ വളർത്തുന്നു. | <u>അനുഭവപഠനം</u><br><br>സാമൂഹ്യശാസ്ത്ര ലാബിൽ വിവിധ തരത്തിലുള്ള ഭൂപടങ്ങൾ, ചാർട്ടുകൾ, ചിത്രങ്ങൾ, ചരിത്ര ശേഖരങ്ങൾ, പഠനത്തിന്റെ ഭാഗമായി കുട്ടികൾ ശേഖരിക്കുന്ന സാമഗ്രികൾ എന്നിവ ലാബിൽ ക്രമീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5 | സാമൂഹ്യശാസ്ത്ര ക്ലബ്<br><br>സാമൂഹികാവബോധം വളർത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ കുട്ടികളിലെത്തിക്കുക | <u>അറിവിന്റെ ജാലകം</u><br><br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ<br><br>പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, പ്രദർശനങ്ങൾ, മത്സരങ്ങൾ എന്നീ പ്രവർത്തനങ്ങളിലൂടെ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ, വിദ്യാർത്ഥികൾ |

## അക്കാദമിക് മാസ്റ്റർപ്ലാൻ

### മേഖല -ഹൈസ്കൂൾ - സാമൂഹികശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കുക. ചരിത്രം പഠിപ്പിക്കുന്നത് അനുഭവാത്മകവുമായ രീതിയിലാക്കുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ**<br>• ചരിത്ര പ്രധ്യാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>• ചരിത്ര പ്രാധ്യന്യമുള്ള സ്ഥലങ്ങളുടെ ചിത്രങ്ങൾ, സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ചരിത്ര ആൽബം, ചരിത്രപതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. (നിശ്ചയിച്ച തീയതികളിൽ) | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2 | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. വിദ്യാർത്ഥികളിൽ അവകാശങ്ങൾ, ഉത്തരവാദിത്തം എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണം. | **തുല്യരാണ് നമ്മൾ**<br>• സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 6 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **<u>ചിലന്തി വലയിൽ നിന്ന് കുതിച്ചു ചാട്ടം</u>**<br><br>സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാകൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7 | സമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർ ദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **<u>പുതു ചക്രവാളത്തിലേക്ക്</u>**<br><br>മത്സര പരീക്ഷയിൽ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | <u>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്</u><br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4 | പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | <u>പ്രകൃതി താണ്ഡവം നേർക്കാഴ്ച</u><br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും. രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | സഹജീവികളോട് സമഭാന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | <u>നന്മയുടെ നുറുങ്ങുവെട്ടം</u><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4 | ശാസ്ത്രമാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിലൊരിക്കൽ | എസ്.ആർ.ജി സയൻസ് ടീച്ചർ |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മേഖല -ഹൈസ്കൂൾ -Science (Physics & Chemistry)

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | നൂതന ആശയം സയൻസ് പാർക്ക് നിർമ്മാണം ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര പരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പെഡഗോജിപാർക്ക് ലളിത പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം- പരീക്ഷണകളരി പരീക്ഷണങ്ങൾ പൊതു സമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കൽ<br>സ്കൂൾ തല സയൻസ് എക്സിബിഷൻ<br>ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം, വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്ലാസുകൾ നിരീക്ഷണം | 1 വർഷം<br>ആവിശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്<br>സയൻസ് ക്ലബ് |
| 2 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 3 മാസം കൂടുമ്പോൾ | സയൻസ് ക്ലബ് |
| 3 | പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി, കുട്ടി-കുട്ടി (peer group) | ആഴ്ചയിൽ 2 ദിവസം | എസ്.ആർ.ജി സയൻസ് ടീച്ചർ |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മേഖല യുപി ബേസിക് സയൻസ്

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| 1 | ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ശാസ്ത്രവിഷയങ്ങളിൽ | രക്ഷകർത്തൃ ബോധവൽകരണം | മെയ് 28-30 | പി.റ്റി.എ ശാസ്ത്ര അധ്യാപകൻ | പി.റ്റി.എ |
| 2 | ശസ്ത്രാഭിരുചി വളർത്തൽ | എല്ലാ കുട്ടികൾക്കും ശാസ്ത്രകിറ്റ് ഹോം ലാബ് ശാസ്ത്ര കോർണർ | അക്കാദമിക വർഷം | കുട്ടികൾ, രക്ഷ കർത്താക്കൾ, സയൻസ് അധ്യാ പകർ | രക്ഷകർത്താക്കൾ, സയൻസ് അധ്യാപകർ |
| 3 | ശാസ്ത്രവുമായി ബന്ധപ്പെട്ട സ്റ്റിൽ മോഡലുകൾ വർക്കിംഗ് മോഡലുകൾ, ചാർട്ട്, എന്നിവയുടെ നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും എല്ലാ കുട്ടികളെയും പങ്കാളികളാക്കുക. പഠന പ്രവർത്തന ഉല്പന്നങ്ങൾ ശേഖരിക്കുക. തുടർന്ന് പ്രദർശനം സംഘടിപ്പിക്കുക | എല്ലാ മാസവും | രക്ഷകർത്താക്കൾ, അധ്യാപകർ | |
| 4 | പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | ICT സാധ്യതകളിലൂടെയുള്ള പഠനം | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ടീച്ചർ | |
| 5 | ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | BRC തലത്തിലുള്ള അധ്യാപക കൂട്ടായ്മ, വിവിധ അധ്യാപക വാട്സ് അപ്പ് കൂട്ടായ്മ എന്നിവയിൽ നിന്ന് ലഭിക്കുന്ന ചോദ്യപേപ്പറുകൾ കുട്ടികളെ പരിചയപ്പെടുത്തുക | ഓരോ ടേം ന്റെയും അവസാനം | SRG സയൻസ് ടീച്ചർ | പി.റ്റി.എ സയൻസ് ടീച്ചർ |
| 6 | ശാസ്ത്രോത്സവങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ശാസ്ത്ര വിദഗ്ധരെ വിളിച്ച് കുട്ടികൾക്ക് ക്ലാസുകൾ നൽകൽ | വർഷത്തിലൊരിക്കൽ | SRG PTA | PTA |

| | | | | |
|---|---|---|---|---|
| | കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്ര ക്ലബ് സമ്പുഷ്ട മാകുന്നു.<br><br>വീഡിയോ പ്രദർശനം, ചരിത്ര സിനിമാ പ്രദർശനം. | തെരഞ്ഞെടുത്ത ദിന ങ്ങളിൽ | |
| 6 | വ്യത്യസ്തയിനം മണ്ണിനങ്ങളെക്കുറിച്ചും, ജലാ ശയങ്ങളെക്കുറിച്ചും, കാറ്റു കൾ, സമുദ്രങ്ങൾ, പർവ്വത ങ്ങൾ ഇവയെല്ലാം പരി ചയപ്പെടുക എന്ന ലക്ഷ്യം | **<u>പ്രകൃതിവൈവിധ്യങ്ങളിലൂടെ</u>**<br><br>കുട്ടികൾക്ക് ഭൂമിയുടെ ഭൗതികഘടനയെക്കുറിച്ചുള്ള അടി സ്ഥാന ധാരണ നൽകുന്നു.<br><br>ഭൂപ്രകൃതിയെ തരം തിരിച്ചറിയാ നുള്ള കഴിവ് (ഇന്ത്യയുടെ ഭൂപ്ര കൃതി മാപ്പ് കാണിച്ച് വിവിധ ഭൂപ്ര കൃതി വിഭാഗങ്ങൾ പരിചയപ്പെടു ത്തുന്നു.)<br><br>ചിത്രങ്ങൾ ഉപയോഗിച്ച് വ്യത്യാസ ങ്ങൾ കാണിക്കുന്നു. | അക്കാദമിക വർഷത്തിലെ തെരഞ്ഞെടുത്ത മാസങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ, |

# അക്കാദമിക് മാസ്റ്റർപ്ലാൻ

HS മേഖല ഗണിതം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന് | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകൻ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2 | ഗണിത പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുത്തുന്നതിനായി ഗണിത ക്ലബ് രൂപീകരണം. | 8,9,10,ക്ലസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി താല്പര്യമുള്ളവരെ തെരഞ്ഞെടുത്ത് ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. ശിൽപശാല നടത്തുന്നു.<br>ഗണിത ക്വിസ്, പഠനോപകരണങ്ങൾ പരിചയപ്പെടുത്തൽ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്<br>അധ്യാപകർ ഗണിത ക്ലബ് |
| 3 | ഗണിതത്തിലെ മുഴുവൻ ശേഷിയും നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കൽ | Work sheet, Geo Gebra പരിശീലനം | | ഗണിതാധ്യാപിക |
| 4 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | ഗണിതക്ലബ്ബിന്റെ തുടർ പ്രവർത്തനം | അധ്യാപകർ സംഘതലവൻ |
| 5 | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ആവശ്യമായ പ്രവർത്തനങ്ങൾ നൽകി മുൻ നിരയിലെത്താൻ വേണ്ട സാഹചര്യം ഒരുക്കുന്നു. | ആഴ്ചയിൽ ഒന്ന് | ഗണിതാധ്യാപിക ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 4 | ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും, സ്വയം രചനകൾ നടത്തുവാനും ഗണിത പഠനം ആസ്വാദ്യകരമാക്കാനും | • ഗണിതബുള്ളറ്റിൽ ബോർഡ് ഗണിത മാഗസിൻ ഗണിത ശാസ്ത്രമേള ചോദ്യോത്തരപ്പെട്ടി പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഗണിതാ ധ്യാപിക ഗണിത ക്ലബ് അംഗ ങ്ങൾ | PTA |
| 5 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു | • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ആവശ്യമായ പ്രവർത്തനങ്ങൾ നൽകി, മുൻ നിരയിലെത്താൻ വേണ്ട സാഹചര്യം ഒരുക്കുന്നു. | ആഴ്ചയിൽ ഒന്ന് | ഗണിതാ ധ്യാപിക ഗണിത ത്തിൽ മുൻനിര യിൽ നിൽക്കുന്ന വിദ്യാർത്ഥി കൾ | PTA |

# അക്കാദമിക് മാസ്റ്റർപ്ലാൻ

**മേഖല യുപി ഗണിതം**

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന് ശിശു സൗഹൃദ പഠനം | • ഗണിതലാബ് സജ്ജീകരണം ഓരൊ ക്ലാസിനും ആവശ്യമായ സാധനങ്ങൾ ലിസ്റ്റ് ചെയ്യൽ, സംഘടിപ്പിക്കൽ<br>• സാധനങ്ങൾ സജ്ജീകരിക്കൽ | ജൂൺ മുതൽ | ഗണിത അധ്യാപിക | PTA |
| 2 | ഗണിത പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി ഗണിത ക്ലബ് രൂപികരിക്കണം | • 5,6,7 ക്ലാസുകളിലെ ഗണിതത്തിൽ താത്പര്യമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ഗണിത ക്ലബ് രൂപീകരിക്കുന്നു.<br>• പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും, വിലയിരുത്താനുമായി മാസത്തിൽ ഒരു ദിവസം ക്ലബ് മീറ്റിങ് സംഘടിപ്പിക്കുന്നു.<br>• ഗണിത ക്വിസ്, പഠനോപകരണങ്ങൾ പരിചയപ്പെടുത്തൽ എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ മൂന്നാമത്തെ ആഴ്ച<br>മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | ഗണിത ക്ലബ് | PTA |
| 3 | ഗണിതത്തിലെ മുഴുവൻ ശേഷിയും നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കൽ | • ഗണിത വർക്ക് ഷീറ്റ്<br>• ചോദ്യബാങ്ക് തയ്യാറക്കൽ<br>• geogebra പരിശീലനം | | ഗണിത അധ്യാപകർ | PTA |

# അക്കാദമിക് മാസ്റ്റർപ്ലാൻ(AMP)

## MBHS കണിയാപുരം മേഖല- ജീവശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| 1 | ജീവശാസ്ത്രത്തിലെ വാക്കുകൾ, അടിസ്ഥാന ആശയങ്ങൾ എന്നിവ ഉറപ്പിക്കുക | നിഘണ്ടു തയ്യാറാക്കൽ 8,9,10 ക്ലാസുകൾക്കും പാഠഭാഗങ്ങളിലെ വാക്കുകൾ ഉപയോഗിച്ച് നിഘണ്ടു നിർമ്മിക്കാൻ ആവശ്യമായ പ്രവർത്തങ്ങളിൽ ഏർപ്പെടാൻ സഹായിക്കുന്നു. പ്രദർശനം സംഘടിപ്പിക്കുന്നു. (മൂന്ന് മാസത്തിൽ ഒരിക്കൽ) | അക്കാദമിക വർഷം | കുട്ടികൾ അധ്യാപികർ ശാസ്ത്ര ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ

മേഖല യുപി, H S പ്രവർത്തി പരിചയം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | പ്രവർത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | 1 വർഷം<br>1 മാസം | SRG |

MUSLIM H.S. FOR BOYS KANIYAPURAM

A. SUJA P.
HEADMISTRESS
M.H.S FOR BOYS
KANIYAPURAM

# അക്കാദമിക് മാസ്റ്റർപ്ലാൻ

മേഖല യുപി കലാവിദ്യാഭ്യാസം
HS

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോക്ഷിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗവാസനകളെ കണ്ടെത്തുകയും, അവ പരിപോഷിപ്പിക്കുകയും ചെയ്യുക. സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിത രചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്ഥങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ | കലാധ്യാപകർ എസ്സ്.ആർ.ജി | ജൂൺ-മാർച്ച് | |

| | | | | | |
|---|---|---|---|---|---|
| 5 | യോഗാ ദിനം ആചരിക്കുന്നതിനായി എല്ലാ കുട്ടികളെയും സൂര്യ നമസ്കാരം പഠിപ്പിച്ചു യോഗ ദിന ത്തിൽ അവതരിപ്പിക്കുന്നു. | യോഗയുടെ പ്രസക്തി എല്ലാ കുട്ടികളിലും എത്തിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി | ജൂൺ 21 ന് | സ്കൂൾ തലസമിതി | ആവിശ്യമില്ല |
| 6 | മികച്ച ചെസ്സ് താരങ്ങളെ വാർത്തെടു ക്കുന്നതിനും, മത്സരങ്ങളിൽ പങ്കെടു ക്കുന്നതിനും | അന്താരാഷ്ട്ര ചെസ്സ് ദിനം | ജൂലൈ 20 ന് | സ്കൂൾ തലസമിതി | ആവിശ്യമില്ല |
| 7 | കായികമത്സരങ്ങളിൽ എല്ലാ കുട്ടികൾക്കും പങ്കെടുക്കുക്കാനുള്ള അവസരം ലഭിക്കുന്നതിന് | സ്കൂൾ സ്പോർട്സ് മീറ്റ് സബ്ജൂനിയർ /ജൂനി യർ/സീനിയർ (Inclusivesports)<br><br>സബ്ജില്ലാ, റെവന്യു ജില്ല സ്റ്റേറ്റ് - നാഷണൽ മത്സരങ്ങളിൽ പങ്കെടു ക്കുവാൻ അവസരം. | സെപ്റ്റംബർ 10<br><br>സെപ്റ്റംബർ, ഒക്ടോബർ, നവംബർ | സ്കൂൾ തലസമിതി<br><br>സ്കൂൾ തലസമിതി | പി.റ്റി.എ ഫണ്ട് |

# അക്കാദമിക് മാസ്റ്റർപ്ലാൻ

മേഖല : യുപി, HS ആരോഗ്യ കായിക വിദ്യാഭ്യാസം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ നേതൃത്വ പാടവശേഷി വർദ്ധിപ്പിക്കുക | സ്കൂൾതല സ്പോർട്സ് ക്ലബ് രൂപീകരണം (selected from 5th to 10th std) | ജൂൺ | സ്കൂൾ തല സമിതി | ആവിശ്യമില്ല |
| 2 | കുട്ടികളുടെ ഉയരവും ഭാരവും ആള ക്കുന്നതിനും അതിലൂടെ ശരീരത്തിലെ കൊഴുപ്പിന്റെ അളവ് കണ്ടെത്തുന്നതി നായി | എല്ലാ കുട്ടികളുടെയും BML ശേഖരിക്കുക | ജൂൺ | സ്കൂൾ തല സമിതി | ആവിശ്യമില്ല |
| 3 | സ്കൂളിലെ മുഴുവൻ കുട്ടികൾക്ക് ഹാർട്ട്റേറ്റ് പരിചയപ്പെടുത്തുന്നതി നായി | സ്കൂളിലെ മുഴുവൻ കുട്ടികളെയും സ്കിപ്പിംഗ് പരി ചയപ്പെടുത്തി ഹാർട്ട്റേറ്റ് പരിശോധിക്കാൻ പരിശീലിപ്പി ക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | സ്കൂൾ തല സമിതി | ഓരോ കുട്ടികളോടും സ്കിപ്പിംഗ് റോപ്പ് വാങ്ങാൻ ആവിശ്യപ്പെടു ന്നു. ഇല്ലാത്ത കുട്ടികൾക്ക് സ്കൂളിൽ നിന്നും നൽകുന്നു. |
| 4 | വിവിധ മത്സരങ്ങളിൽ കുട്ടികളെ തയ്യാ റാക്കുന്നതിന് | ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാനും, നില നിർത്താനും വ്യത്യസ്തങ്ങ ളായ മൈനർ ഗെയിംസ് പരി ചയപ്പെടുത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി | സ്കൂൾ തലസമിതി | ആവിശ്യമില്ല |